# കൈകൾക്ക് നീളമില്ലെങ്കിലും ജഗൽപ്രസാദിന് കമ്പ്യൂട്ടർ പഠനം എളുപ്പം

ആലപ്പുഴ: കൈമുട്ടിന് തൊട്ടുതാഴെയായി കൈപ്പത്തി. മുട്ടിനും കൈപ്പത്തിക്കുമിടയിൽ അകലം അഞ്ച് സെന്റിമീറ്റർ മാത്രം. ജന്മനാ രണ്ടു കൈകൾക്കും സ്വാധീനമില്ലാത്ത ജഗൽപ്രസാദ് കമ്പ്യൂട്ടർ പഠിക്കുന്നത് ഈ വൈകല്യത്തെ മറികടന്നാണ്.

മൂന്നുദിവസമേ ആകുന്നുള്ളൂ തന്റെ 'കുഞ്ഞുകൈകൾ' കൊണ്ട് അനായാസേനയാകാനായ ജഗൽ പ്രസാദ് കമ്പ്യൂട്ടർ പഠനം തുടങ്ങിയിട്ട്. പഠനത്തെക്കുറിച്ച് ചോദിച്ചാൽ കണ്ണുമടച്ച് മറുപടി പറയും "കമ്പ്യൂട്ടർ പഠനം ഈസിയാ".

അമ്പലപ്പുഴ സ്വദേശിയാണ് ജഗൽ പ്രസാദ്. അമ്പലപ്പുഴ കാക്കാഴത്തെ അക്ഷയ സെന്ററിലാണ് ഇദ്ദേഹത്തിന്റെ കമ്പ്യൂട്ടർ പഠനം.

ഏഴാം ക്ലാസുവരെ പഠിച്ചു.



ജഗൽപ്രസാദ്

18-ാം വയസ്സിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിരുന്നെങ്കിലും പ്രായപരിധി അവസാനിക്കുംവരെ അവസരങ്ങളൊന്നും വന്നില്ല. കെ.എസ്.ആർ.ടി.സി.യിൽ ജീവനക്കാരനായിരുന്ന അച്ഛന്റെ കുടുംബ പെൻഷനാണ് ജഗൽ പ്രസാദിന്റെ പ്രധാന വരുമാനം. വികലാംഗ പെൻഷനായി പ്രതിമാസം 200 രൂപ വീതവും ലഭിക്കുന്നു.

ഭാര്യ ശോഭ. മക്കളായ നിതിഷ് മൂന്നിലും നിത്യ ഒന്നിലും പഠിക്കുന്നു. തങ്ങളെപ്പോലെ അച്ഛനും വിദ്യാർഥിയായപ്പോൾ മക്കളും സന്തോഷത്തിലാണെന്ന് ജഗൽ പ്രസാദ് പറയുന്നു.

ജഗൽ പ്രസാദിന്റെ കമ്പ്യൂട്ടർ പഠനം അക്ഷയ സെന്ററിലെ മറ്റു പഠിതാക്കൾക്കെല്ലാം കൗതുകമാണ്. മറ്റുള്ളവർ ആദ്യദിവസം ഒരു പാഠം ചെയ്യുമ്പോൾ ജഗൽ പ്രസാദ് രണ്ട് പാഠങ്ങൾ ചെയ്യുന്നതായി സെന്ററിന്റെ ചുമതലയുള്ള എം. ഷെരീഫ് പറയുന്നു.